പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3953 | 21. 06. 2019 ൽ മറുപടിക്ക്

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക

ചോദ്യം | ഉത്തരം

ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ | ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ട് കെ.എസ്.ഇ.ബി.യിൽ നടപ്പിലാക്കിയോ; അതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ ഫലപ്രദമായ വിനിയോഗവും, പുന:ക്രമീകരണവും സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം സമർപ്പിച്ച പഠന റിപ്പോർട്ട്, ബോർഡ് നിയോഗിച്ച ഉന്നത തല കമ്മിറ്റി വിശദമായി പഠിക്കുകയും, നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും, പ്രസ്തുത വിഷയങ്ങളിൽ കൃത്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഉണ്ടായി. സബ് കമ്മിറ്റി സമർപ്പിച്ച കരട് റിപ്പോർട്ട് വിശദമായി പരിശോധിച്ച്, ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോർപ്പറേറ്റ് ഓഫീസ്, ഉൽപാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾക്കായി നാല് വിദഗ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനു ശേഷം, ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ 2010-ലെ സുരക്ഷാമാനദണ്ഡങ്ങൾകെ.എസ്.ഇ.ബി യിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) കേന്ദ്ര വൈദ്യുതി അതോറിറ്റി നിശ്ചയിച്ച പ്രകാരമുള്ള യോഗ്യതകളും മറ്റ് മാനദണ്ഡങ്ങളും കെ.എസ്.ഇ.ബി.എൽ-ൽ നടപ്പിലാക്കുന്നത് പഠിക്കുവാൻ ബോർഡ് ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം) കൺവീനർ ആയിട്ടുള്ള പ്രസ്തുത കമ്മിറ്റി വിശദമായ പഠനത്തിനു ശേഷം കേന്ദ്ര വൈദ്യുതി അതോറിറ്റി 6 & 7 റെഗുലേഷനുകൾക്ക് അനുസൃതമായിട്ടുള്ള പുതിയ നിയമന-സ്ഥാനക്കയറ്റ പരിശീലന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശുപാർശാ റിപ്പോർട്ട് ബോർഡിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ ഫലപ്രദമായി കെ.എസ്.ഇ.ബി.ലിമിറ്റഡിൽ നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ കണ്ടെത്തുന്നതിനായി മറ്റൊരു കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയും ഇതിനകം പ്രാഥമിക റിപ്പോർട്ട് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.<br>വൈദ്യുതി വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ-ലെ വിവിധ ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് കെ.എസ്.ഇ.ബി. എൽ-ലെ നിലവിലുള്ള ജീവനക്കാർക്ക് കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ നിബന്ധനകൾ ബാധകമാക്കേണ്ടതില്ലെന്നും എന്നാൽ പുതിയ നിയമനങ്ങൾ കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ |

| | |
|---|---|
| | നിബന്ധനകൾ പ്രകാരമായിരിക്കണമെന്നും ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ നമ്പർ (അച്ചടി) നം.1/2019/ഊ.വ 13.02.2019 പ്രകാരം തീരുമാനിച്ചു. (ബോർഡ് ഓർഡർ നമ്പർ ബി.ഒ (എഫ്.റ്റി.ഡി) നമ്പർ 219/2019 (എസ്റ്റാ.II/6781/2017/ 07.03.2019).<br>എന്നാൽ ടി ഉത്തരവുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരത്തിലെ (WPC 6410/2019) ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്).<br>എന്നാൽ നിർദ്ദിഷ്ട യോഗ്യത ഇല്ലാത്ത ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകാനുള്ള സത്വര നടപടികൾ കെ.എസ്.ഇ.ബി എൽ സ്വീകരിച്ചുവരികയാണ്. |
| (സി)ഐ.ഐ.എം പഠന റിപ്പോർട്ട് നടപ്പിലാക്കാത്തതുകൊണ്ടും കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ 2010 ലെ സുരക്ഷാ മാനദണ്ഡങ്ങളുടെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ 20% ഐ.റ്റി.ഐ ക്വോട്ടയായി നീക്കിവയ്ക്കുന്ന കാര്യത്തിൽ തീരുമാനം ആകാത്തത് കൊണ്ടും ഈ നിയമനങ്ങൾ പി.എസ്.സി-യുടെ ഓപ്പൺ ക്വാട്ടയ്ക്ക് കിട്ടേണ്ടത് കൊണ്ടും പ്രളയത്തെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരുടെ നിലവിലുള്ള പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താത്തത് കൊണ്ടും ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ ഉള്ള സാധ്യത ഉണ്ടോ, അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) ഐ.ഐ.എം പഠനറിപ്പോർട്ട് നടപ്പിലാക്കാത്തതുകൊണ്ടോ, പ്രളയത്തെതുടർന്നോ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരുടെ നിലവിലുള്ള പി.എസ്സ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് തടസ്സം ഉണ്ടായിട്ടില്ല. സർക്കാരിന്റെ **13-02-2019**-ലെ ഉത്തരവ് പ്രകാരം കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ റഗുലേഷൻ 2010-ലെ 6 & 7 ചട്ടങ്ങളിലെ നിബന്ധനകൾ പ്രാവർത്തികമാക്കുന്നതിൽ നിന്നും കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ നിലവിലെ ജീവനക്കാർക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) 20 ശതമാനം ഐ.റ്റി.ഐ ക്വാട്ടയിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയില്ല. ടി ഗവൺമെന്റ് ഉത്തരവിനെ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.<br>ഒരു ക്വാട്ടയിലെ ഒഴിവുകളിൽ മറ്റൊരു ക്വാട്ടയിൽ ഉൾപ്പെട്ടിട്ടുള്ളവരെ നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.<br>പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നത് ബോർഡിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. |
| (ഡി)പ്രസ്തുത കാരണങ്ങളാൽ പി.എസ്.സി. ഓപ്പൺ ക്വോട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽ അവസരം നിഷേധിക്കപ്പെടുന്നതിനാൽ ഗവൺമെന്റ് തലത്തിൽ ഈ റാങ്ക് ലിസ്റ്റ് നീട്ടി ഉദ്യോഗാർത്ഥികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനുള്ള നടപടികൾ ബോർഡിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമോ; അതിന്റെ വിശദാംശങ്ങൾ വെളി- | (ഡി) ഐ.ഐ.എം പഠന റിപ്പോർട്ട് നടപ്പിലാക്കാത്തതുകൊണ്ടോ പ്രളയത്തെ തുടർന്നോ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ നിയമനം നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് തടസ്സം ഉണ്ടായിട്ടില്ല. നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ നയപരമായ തീരുമാനത്തിൽപ്പെട്ടതാണ്. ആയത് ഇപ്പോൾ പരിഗണനയിലില്ല. |

| | |
|---|---|
| പ്പെടുത്തുമോ; | |
| (ഇ) കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ 2010-ലെ സുരക്ഷ മാനദണ്ഡങ്ങളുടെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) മാരുടെ 20% ഐ.റ്റി.ഐ ക്വാട്ടയുടെ കാര്യത്തിൽ തീരുമാനം ഇനിയും വൈകുകയാണെങ്കിൽ 2021-2022 വർഷത്തിൽ ഡിഗ്രി ക്വാട്ടയിൽ ഉണ്ടാകുന്ന ഒഴിവുകൾ ആവശ്യം എങ്കിൽ പകരം കൊടുക്കാം എന്ന വ്യവസ്ഥയിൽ 20% ഐ.റ്റി.ഐ. ക്വാട്ടയിലെ നിലവിൽ ഉള്ള ഒഴിവുകളിൽ താല്ക്കാലികമായി ഈ റാങ്ക് ലിസ്റ്റിൽ ഉള്ളവരെ നിയമിക്കുവാൻ സർക്കാർ നടപടി എടുക്കുമോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഇ) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ 20 ശതമാനം നിലവിലെ ജീവനക്കാരായ സബ് എഞ്ചിനീയർമാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിലേയ്ക്കായി നീക്കിവച്ചിരിക്കുന്നു.<br>വൈദ്യുതി വകുപ്പമന്ത്രി സി.ഇ.എ റെഗുലേഷനെ സംബന്ധിച്ച് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ വിവിധ ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ നിലവിലുള്ള ജീവനക്കാർക്ക് കേന്ദ്രവൈദ്യുതി അതോറിറ്റിയുടെ നിബന്ധനകൾ ബാധകമാക്കേണ്ടതില്ലെന്നും എന്നാൽ പുതിയ നിയമനങ്ങൾ കേന്ദ്രവൈദ്യുതി അതോറിറ്റിയുടെ നിബന്ധനകൾ പ്രകാരമായിരിക്കണമെന്നും ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ. (അച്ചടി) നം.1/2019/ഊ.വ 13-02-2019 പ്രകാരം തീരുമാനിച്ചു.<br>ഒരു ക്വാട്ടയിലെ ഒഴിവുകളിൽ മറ്റൊരു ക്വാട്ടയിൽ ഉൾപ്പെട്ടിട്ടുള്ളവരെ നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ